# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4946

21.10.2011-ൽ മറുപടിക്ക്.

## കെ.എസ്.ഐ.ഡി.സി-യുടെ വാതക വിതരണ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) ജി.എ.ഐ.എൽ ഗ്യാസുമായി ചേർന്ന് കെ.എസ്.ഐ.ഡി.സി സംസ്ഥാനത്ത് ഏറ്റെടുത്തു നടത്തുവാനുദ്ദേശിച്ചിട്ടുള്ള വാതക വിതരണ പദ്ധതിയുടെ വിശദാംശം അറിയിക്കുമോ ; | (എ) കേന്ദ്ര സർക്കാർ സ്ഥാപനമായ GAIL Gas-ഉം, കെ.എസ്.ഐ.ഡി.സി-യുമായി ചേർന്ന് ഒരു ജോയിന്റ് വെഞ്ചർ (JV) കമ്പനി രൂപീകരിക്കു--ന്നുണ്ട്. ഇതു വഴി സപ്ലിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ചറിന്റെ പ്രവർത്തനം നടത്തുവാൻ ഉദ്ദേശിക്കുന്നു. അതിൽ പൈപ്പ് ലൈൻ വഴിയുള്ള സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ, ഗ്യാസ് ട്രയിനിംഗ് സെന്റർ, ഗ്യാസ് അധിഷ്ഠിത വൈദ്യുത നിലയങ്ങൾ, ചെറു പ്രകൃതി വാതക പൈപ് ലൈൻ എന്നീ പദ്ധതികൾ നടത്തുവാനുദ്ദേശിക്കുന്നു. |
| (ബി) മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഈയിടെ ഇതോടനുബന്ധിച്ച് ഒപ്പു വച്ചിട്ടുള്ളതായ കരാറുകളുടെ വിശദാംശം വ്യക്തമാക്കുമോ ; | (ബി) മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 02.09.2011-ൽ ഒരു ഓഹരി അവകാശികളുടെ ഉടമ്പടിയാണ് (ഷെയർ ഹോൾഡേഴ്സ് എഗ്രിമെന്റ്) ഒപ്പുവച്ചത്. ഇത് ഒപ്പുവച്ചത് കെ.എസ്.ഐ.ഡി.സി-യും ഗെയിൽ ഗ്യാസ് ലിമിറ്റഡും തമ്മിലാണ്. ഉടമ്പടി അനുസരിച്ച് 24% ഓഹരി കെ.എസ്.ഐ.ഡി.സി-യ്ക്കും 26% ഓഹരി ഗെയിൽ ഗ്യാസ് ലിമിറ്റഡിനും ആയിരിക്കും. ബാക്കിയുള്ള 50% ഓഹരി സ്ട്രാറ്റജിക് പാർട്ണറുകളിലൂടെ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) അവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ ? | (സി) കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഗെയിൽ ഗ്യാസുമായി ഒപ്പുവച്ചിട്ടുള്ള ഷെയർ ഹോൾഡേഴ്സ് എഗ്രിമെന്റ് രഹസ്യ സ്വഭാവ--മുള്ളതും പദ്ധതിയുടെ സാങ്കേതികവും വാണിജ്യപരവുമായ വിശദാംശങ്ങൾ ഉൾക്കൊള്ളുന്നതുമാണ്. ആയതുകൊണ്ട് ഗെയിൽ ഗ്യാസിന്റെ അനുമതിയോടുകൂടി മാത്രമേ എഗ്രിമെന്റ് ലഭ്യമാക്കുവാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ